ഖുത്വ്ബ
9.3.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# മാലിക് അഥവാ അധികാരി

**അ**ല്ലാഹുവിന്റെ സവിശേഷഗുണങ്ങളിലൊന്ന് മാലിക് അഥവാ അധികാരി എന്നതുമാണ്. അതിനെക്കുറിച്ച് സൂറഃ ഫാത്തിഹായിൽ പറയുന്നുണ്ട്.കഴിഞ്ഞ കുറച്ചുകാലമായി അല്ലാഹുവിന്റെ ഗുണനാമങ്ങളെക്കുറിച്ചാണ് ഞാൻ പറഞ്ഞുവരുന്നത്. അല്ലാഹു സൂറഃഫാത്തിഹായിൽവച്ച ക്രമമനുസരിച്ചാണ് അത് തുടങ്ങിയത്. അതുകൊണ്ട് ഇന്ന് ആ ക്രമമനുസരിച്ച് അല്ലാഹുവിന്റെ മഹനീയഗുണമായ മാലിക്കിയ്യത്തിനെക്കുറിച്ച് പറയുന്നതാണ്.

ക്രമമനുസരിച്ച് നമുക്കറിയാം, ഈ സവിശേഷഗുണത്തെക്കുറിച്ച് നാലാമതായിട്ടാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹുവിന്റെ നാലാമത്തെ ഔദാര്യം അത് നാലാമത്തെ തരത്തിലുള്ള ഗുണമാണ്. ഇതിനെ '***ഫയ്ളാനെ അഖസ്***' എന്നു പറയാൻ കഴിയുന്നതാണ്. (അല്ലാഹുവിന്റെ പ്രത്യേകമായ അനുഗ്രഹം എന്നു പറയാവുന്നതാണ്.) അത് ***മാലിക്കിയ്യത്തെ യൗമുദ്ദീൻ*** ആണ്. ഇത് ഫാതിഹാ അദ്ധ്യായത്തിൽ മാലിക്കിയ്യൗമിദ്ദീൻ എന്ന വാക്യത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഇതും സിഫത്തെ റഹീമിയ്യത്തും തമ്മിലുള്ള വ്യത്യാസം റഹീമിയ്യത്തിൽ പ്രാർത്ഥനയും ആരാധനാകർമ്മങ്ങളും മുഖേന വിജയം വരിക്കുമ്പോൾ മാലിക്കിയ്യത്തെ യൗമിദ്ദീൻ എന്ന സിഫത്ത് മുഖേന അതിന്റെ ഫലം നൽകപ്പെടുന്നു എന്നാണ്. അതായത് റഹീമിയ്യത്ത് മുഖേന പ്രാർത്ഥനയിലേക്കും ആരാധനാകർമ്മങ്ങളിലേക്കും ശ്രദ്ധയുണ്ടാകുന്നു. അല്ലാഹുവിനോട് ചോദിക്കുന്നു. മാലിക്കിയ്യത്തിലൂടെ അതിന്റെ ഫലം ലഭിക്കുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ ഈ ക്രമം അങ്ങേയറ്റം യുക്തിഭദ്രവും തന്റെ ശക്തിപ്രഭാവത്തിന്റെ ജ്യോതിസ്, അവനിൽ പൂർണ്ണമായി വിശ്വസിക്കുന്നവരും നിഷ്കളങ്കമായി അവന്റെ അടിയാന്മാരായിത്തീരുന്നവരും ആയ ഓരോരുത്തരേയും കാണിക്കുന്നതുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതു കൂടുതൽ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, അതിനുമുമ്പേ വ്യാകരണഗ്രന്ഥങ്ങളുടേയും മറ്റ് തഫ്സീർ ഗ്രന്ഥങ്ങളുടേയും അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ പറയുകയാണ്.

മുഫ്റദാത്ത് ഇമാം റാഗിബിൽ എഴുതിയിരിക്കുന്നു. പൊതുജനങ്ങളിൽ തന്റെ കല്പനകൾ വിധിവിലക്കുകൾ പ്രകാരം സ്വന്തം ഇഷ്ടമനുസരിച്ച് നടത്തുന്നവനെയാണ് അൽമലിക് എന്നു പറയുന്നത്. ഈ വശം വെറും മനുഷ്യരുടെ രാഷ്ട്രീയം അതായത്, അവരുടെ ഇടപാടുകളുടെ ഏർപ്പാടുകൾ ചെയ്യുന്നതിനും ഭരിക്കുന്നതിനും വിശേഷാൽ പരിഗണിക്കപ്പെട്ടുകൊണ്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ അധികാരി എന്നു പറയാമെങ്കിലും സർവ്വവസ്തുക്കളുടേയും അധികാരി എന്നു പറയാൻ പറ്റുകയില്ല.

വീണ്ടും പറയുന്നു. മാലിക്കിയൗമിദ്ദീൻ എന്ന ദൈവവചനത്തിന്റെ അർത്ഥം രക്ഷാശിക്ഷയുടെ നാൾ അവൻ പൂർണ്ണഅധികാരിയായിരിക്കും എന്നാണ്. രണ്ട് ആലിംകളുടെ പക്കൽ രണ്ടുതരം ഖിറാഅത്തുണ്ട്. മലിക്കിയൗമിദ്ദീൻ എന്നും മാലിക്കിയൗമിദ്ദീൻ എന്നും പാരായണം ചെയ്യുന്നു. എന്നാൽ, അധികവും പാരായണം ചെയ്യപ്പെടുന്നത് മാലിക്കിയൗമിദ്ദീൻ എന്നാണ്. ഈ അർത്ഥം താഴെ കാണുന്ന ഖുർആനിക വചനത്തിന്റെ അടിസ്ഥാനത്തിലാണ് നല്കിയിട്ടുള്ളത്.

***ലിമനിൽ മുൽക്കുൽയൗമ ലില്ലാഹിൽവാഹിദിൽ ഖഹ്ഹാർ*** ഇന്നേ ദിവസം ആധിപത്യം ആർക്കാണ്? അത്, ഏകനും സർവ്വവും അടക്കിവാഴുന്നവനുമായ അല്ലാഹുവിനാണ്. (40:17)

ലിസാനുൽ അറബിൽ എഴുതിയിരിക്കുന്നു: അൽമലിക്, അല്ലാഹു രാജാവാകുന്നു. മലിക്കുൽമുലൂക് രാജാക്കന്മാരുടെ രാജാവ്. ലഹുൽമുൽക് രാജാധിപത്യം അവന്റേതാണ്. ഹുവ മാലിക്കിയൗമിദ്ദീൻ,

അവൻ രക്ഷാശിക്ഷയുടെ നാളിന്റെ അധികാരിയാണ്. ***വഹുവ മലിക്കുൽ ഖൽഖ്*** ഇതിന്റെ അർത്ഥം ***റബ്ബഹും വ മാലിക്കഹും*** എന്നെഴുതിയിരിക്കുന്നു. അവൻ സൃഷ്ടികളുടെ പരിപാലകനും അധികാരിയുമാണ്.

ലിസാനുൽ അറബിന്റെ അർത്ഥം മുന്നിൽവെച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മാലിക്കിയൗമിദ്ദീന്റെ അർത്ഥം ഇങ്ങനെ വിവരിച്ചിരിക്കുന്നു. എന്നാൽ, അവിടന്ന് ഇതിൽ മാലിക്ക് എന്നതിനോടൊപ്പം യൗം, ദീൻ എന്നതിന്റെ വെവ്വേറെ അർത്ഥം പറഞ്ഞുകൊണ്ട് അതിനുശേഷമാണ് മാലിക്കിയൗമിദ്ദീന്റെ വിശദീകരിച്ചുള്ള അർത്ഥം എഴുതിയിട്ടുള്ളത്. അവിടന്ന് എഴുതുന്നു: "ഇതിന്റെ അർത്ഥം ഇങ്ങനെയായിരിക്കും, അതായത് രക്ഷാശിക്ഷയുടെ നേരത്തെ അധികാരി. ശരീഅത്തിന്റെ കാലത്തെ അധികാരി. അതായത്, വിധി പറയുന്ന നാളിന്റെ അധികാരി. മതത്തിന്റെ കാലത്തെ അധികാരി. ഇതിന്റെ അർത്ഥം ഏതൊരു നേരത്താണോ മതത്തിന്റെ അല്ലെങ്കിൽ ശരീഅത്തിന്റെ അടിത്തറവക്കുന്നത് ആ നേരത്ത് അല്ലാഹു മാലിക്കിയ്യത്ത് എന്ന മഹനീയ ഗുണം വെളിപ്പെടുത്തുന്നു. ബലഹീനതയ്ക്കുശേഷം തന്റെ പ്രിയപ്പെട്ടവന്റെ ജമാഅത്തിന് മാലിക്കിയ്യത്ത് എന്ന മഹനീയഗുണമനുസരിച്ച് വിജയം നൽകുന്നു. നന്മയുടെ കാലത്തിന്റെ അധികാരി. തിന്മയുടെ കാലത്തിന്റെ അധികാരി. അതായത്, തിന്മയും പാപവും ഒരുപാട് പടർന്നുപിടിക്കുമ്പോൾ, കാലത്തിന്റെ അധികാരി, പരിവർത്തനകാരിയേയും നബിയേയും നിയോഗിച്ചുകൊണ്ട് തന്റെ ആധിപത്യത്തിന്റെ മഹനീയഗുണമനുസരിച്ച് ലോകത്തെ നന്നാക്കിയെടുക്കുന്നു.

"കണക്കെടുക്കുന്ന നാളിന്റെ അധികാരി. അനുസരണത്തിന്റെ നേരത്തെ അധികാരി. അതായത്, അനുസരിക്കുന്നവർക്ക് പ്രത്യേകമായ പ്രകൃതിനിയമം വെളിപ്പെടുത്തുന്നു. ദിവ്യാത്ഭുതങ്ങളും പ്രകടമാക്കുന്നു. വിശേഷമായതും പ്രധാനപ്പെട്ടതുമായ അവസ്ഥയുടെ അധികാരി. അതായത്, അവന്റെ കല്പനയനുസരിച്ച് കർമ്മങ്ങളനുഷ്ഠിക്കുന്നവരുടെ പ്രതിഫലം അവർക്ക് നൽകുന്നു. അവസാനസമയം വരെ ആത്മാർത്ഥതയോടുകൂടി തന്റെ അവസ്ഥയെ അതനുസരിച്ച് വെക്കേണ്ടതാണ്. അവന്റെ കല്പനകളനുസരിച്ച് വെക്കേണ്ടതാണ്. അങ്ങനെയുള്ളവരാണ് അതിൽനിന്ന് ഫലമെടുക്കുന്നത്."

മുമ്പേ കഴിഞ്ഞുകടന്ന ചില ഖുർആൻ വ്യാഖ്യാതാക്കളുടെ ഉദ്ധരണികളാണ് ഇനി കേൾപ്പിക്കുന്നത്. പക്ഷേ, അതിനു മുമ്പേ ഹദ്റത്ത് മസീഹ് മൗഊദ്(അ) 'മാലിക്'ന് നൽകിയ വ്യാഖ്യാനം- അത് അവിടന്ന് ലിസാനുൽ അറബ് താജുൽ ഉറൂസ് തുടങ്ങിയ ഉദ്ധരണികളുടെ അടിസ്ഥാനത്തിലാണ് വിശദീകരിച്ചിട്ടുള്ളത്, പറയാം:

"അറബിഭാഷയിൽ തന്റെ കീഴിലുള്ളവരുടെ മേൽ പൂർണ്ണനിയന്ത്രണമുള്ള ആൾക്കാണ് 'മാലിക്' എന്നു പറയുന്നത്. എങ്ങനെ വേണമെങ്കിലും അവരെ തന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിയണം. മറ്റാരുടേയും പങ്ക് കൂടാതെ അവരുടെ അവകാശിയായിരിക്കുകയും വേണം. ഈ പദം യഥാർത്ഥമായ നിലയിൽ അതായത്, അതിന്റെ അർത്ഥങ്ങളുടെ അടിസ്ഥാനത്തിൽ അല്ലാഹുവിനല്ലാതെ മറ്റാർക്കും ചേരുകയില്ല. കാരണം പൂർണ്ണമായ നിയന്ത്രണം അല്ലാഹുവിനെക്കൂടാതെ മറ്റാർക്കും സാധ്യമല്ല."

അല്ലാമ ഫഖ്റുദ്ദീൻ റാസി പറയുന്നു: "മാലിക്കിയൗമിദ്ദീൻ എന്നതിന്റെ വിവക്ഷിതം പുനരുത്ഥാനത്തിന്റേയും രക്ഷാശിക്ഷയുടേയും നാളിന്റെ അധികാരി എന്നാണ്. അതിന്റെ വിശദീകരണം ഇപ്രകാരമാണ്. സൽകർമ്മം ചെയ്യുന്നവരും പാപികളും അനുസരണശാലികളും ധിക്കാരികളും അനുകൂലികളും എതിരാളികളും എന്നിവരുടെ ഇടയിൽ വ്യത്യാസമുണ്ടാകേണ്ടത് നിർബന്ധമാണ്. ഈ വ്യത്യാസം പ്രകടമാകുന്നത് രക്ഷാശിക്ഷയുടെ നാളിൽ മാത്രമായിരിക്കും. അല്ലാഹു, ***ലിയജ്സിയല്ലദീന അസാഊ ബിമാ അമിലൂ വ യജ്സിയല്ലദീന അഹ്സനൂ ബിൽഹുസ്നാ*** എന്ന് പറഞ്ഞതുപോലെ. തൽഫലമായി ദുഷ്കൃത്യം ചെയ്തവർക്ക് അവർ പ്രവർത്തിച്ചതിനുള്ള പ്രതിഫലം അവൻ നൽകും. നന്മ പ്രവർത്തിച്ചവർക്ക് ഏറ്റവും നല്ല പ്രതിഫലവും അവൻ നല്കുന്നതാണ്. (53:32)

വീണ്ടും അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു. ***അം നജ്അലുല്ലദീന ആമനൂ വ അമിലുസ്സ്വാലിഹാത്തി കൽമുഫ്സിദീന ഫിൽഅർളി- അം നജ്അലുൽ മുത്തഖീന കൽഫുജ്ജാർ*** വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരെ ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരെപോലെ നാം ആക്കുമോ? അതല്ല, ഭക്തന്മാരെ ദുർവൃത്തരെപ്പോലെ നാം ആക്കിത്തീർക്കുമോ? (38:29)

വീണ്ടും അല്ലാഹു പറയുന്നു: ***ഇന്നസ്സാഅത്ത ആതിയത്തുൻ അകാദു ഉഖ്ഫീഹാ ലിതുജ്സാ കുല്ലു നഫ്സിൻ ബിമാ തസ്അ*** തീർച്ചയായും അന്ത്യനാൾ വരുന്നതാണ്. ഓരോ ആത്മാവിനും അത് പ്രവർത്തിച്ചതനുസരിച്ച് പ്രതിഫലം നല്കുന്നതിനായി ഞാൻ അതിനെ വെളിപ്പെടുത്തിയേക്കാം. (20:16)

ഇമാം റാസി പറയുന്നു: "ആരാണോ ഒരു അക്രമിക്ക് അക്രമിക്കപ്പെട്ടവന്റെമേൽ ശക്തി നൽകിയത് അവൻ അക്രമിയോട് പകരം വീട്ടിയില്ലെങ്കിൽ, ഒന്നുകിൽ അവന് കഴിവില്ലാത്തതുകൊണ്ടായിരിക്കാം അങ്ങനെ ചെയ്യാത്തത്, അല്ലെങ്കിൽ അറിവില്ലാത്ത കാരണത്താലാകാം. അതുമല്ലെങ്കിൽ അവൻ സ്വയം അക്രമിയുടെ അക്രമങ്ങളിൽ തൃപ്തിപ്പെട്ടിരിക്കുന്നു. ഈ മൂന്ന് കാര്യങ്ങളും അല്ലാഹുവിനെ സംബന്ധിച്ച് പറയുന്നത് അസംഭാവ്യമാണ്. അതുകൊണ്ട് അക്രമം ചെയ്യപ്പെട്ടവർക്കുവേണ്ടി അക്രമിയോട് പകരം വീട്ടേണ്ടത് അവന് നിർബന്ധമായിത്തീരുന്നു. എന്നാൽ, ഈ ഭൗതികവീട് അതായത് ലോകത്ത് അക്രമികളോട് പകരം വീട്ടുക എന്നത് പൂർണ്ണമായ നിലയിലുണ്ടാകുകയില്ല. അതുകൊണ്ട് ഈ ഭൗതികവീടിനു പുറമെ ഒരു പരലോക ഭവനവും ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. ഈ വിഷയമാണ്, ***മാലിക്കിയൗമിദ്ദീൻ, ഫയൻയ്യഅ്മൽ മിസ്ഖാല ദർറത്തിൻ ഖയ്റൻയ്യറാ വമൻയ്യഅ്മൽ മിസ്ഖാല ദർത്തിൻ ശർറയ്റാ*** തുടങ്ങിയ വചനങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നത്."

ഞാൻ പറഞ്ഞതുപോലെ ചില ഉലമാക്കളുടെ പക്കൽ മാലിക്കിയൗമിദ്ദീൻ എന്നതിന്റെ മറ്റൊരു പാരായണം മലിക്കിയൗമിദ്ദീൻ എന്നുമുണ്ട്. എന്നാൽ, അല്ലാമാഫഖ്റുദ്ദീൻ റാസി പറയുന്നു: മാലിക്കിയൗമിദ്ദീൻ എന്ന പാരായണത്തിന് ഞാൻ മുൻഗണന നൽകുന്നു. അദ്ദേഹം എഴുതുന്നു: മലിക് എന്ന പദത്തെ അപേക്ഷിച്ച് മാലിക് എന്ന പദം അല്ലാഹുവിന്റെ ദാസർക്ക് തങ്ങളുടെ റബ്ബിന്റെ അനുഗ്രഹങ്ങൾക്ക് കൂടുതൽ പ്രതീക്ഷ നൽകുന്നതാണ്. കാരണം മലിക് അതായത് രാജാവിൽനിന്ന് ഏറിയാൽ പ്രതീക്ഷിക്കാവുന്നത് നീതിയും ന്യായവുമാണ്. അതായത്, മനുഷ്യൻ പൂർണ്ണമായും അതിൽനിന്ന് രക്ഷപ്പെടുക. എന്നാൽ, മാലിക്ക് എന്നു പറയുന്നത് അവനിൽനിന്ന് മനുഷ്യൻ തന്റെ വസ്ത്രം, ഭക്ഷണം, കാരുണ്യം, ശിക്ഷണം, പരിപാലനം തുടങ്ങി എല്ലാറ്റിന്റേയും അപേക്ഷകനാണ്. മാലിക്കിയൗമിദ്ദീൻ എന്നതിൽ മാലിക്ക് എന്ന പദം വെച്ചുകൊണ്ട് അല്ലാഹു ഇങ്ങനെ പറയുന്നു, 'എന്റെ ദാസരേ, ഞാൻ നിങ്ങളുടെ അധികാരിയാണ്. നിങ്ങളുടെ ഭക്ഷണം, പാനീയം, വസ്ത്രം, പ്രതിഫലം, ജന്നത്ത് എല്ലാം എന്റെ ബാധ്യതയാണ്.

രണ്ടാമത്തെ കാര്യം പറയുന്നത് ഒരു മാലിക് അഥവാ രാജാവ് സമ്പത്തും സ്വത്തും ഉള്ളയാളായിരിക്കും. പക്ഷേ, മലിക് നിങ്ങളിൽനിന്ന് എന്തെങ്കിലും കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നുണ്ടാകും. എന്നാൽ, മാലിക് എന്നു പറയുന്നത് നീ അവനിൽനിന്ന് പ്രതീക്ഷിക്കുന്നു എന്നതാണ്. പുനരുത്ഥാനനാളിൽ അല്ലാഹു നമ്മളിൽനിന്നും നന്മകളും അനുസരണവും ആവശ്യപ്പെടുകയില്ല. മറിച്ച്, നമ്മൾ അവനോട് ചോദിക്കണമെന്നാണ് അവനാഗ്രിക്കുന്നത്. അവൻ തന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രം നമുക്ക് മാപ്പ് തന്നുകൊണ്ടും പൊറുത്തുതന്നുകൊണ്ടും നമ്മോട് പെരുമാറണം. തന്റെ സ്വർഗ്ഗം നമുക്ക് നല്കണം. അതുകൊണ്ട് അവാം കസായി പറയുന്നു: "ഞാൻ മലിക്കിയൗമിദ്ദീൻ എന്നതിനു പകരം മാലിക്കിയൗമിദ്ദീൻ എന്നാണ് പാരായണം ചെയ്യുന്നത്. കാരണം ഈ പദം അല്ലാഹുവിന്റെ അധികം അനുഗ്രഹങ്ങളും വിശാലമായ കാരുണ്യവും വിളിച്ചോതുന്നു."

ഇവരുടെ പക്കൽ മലികും മാലികും തമ്മിലുള്ള മൂന്നാമത്തെ വ്യത്യാസം ഇതാണ്. രാജാവിന്റെ മുമ്പിൽ പട്ടാളക്കാരെ കൊണ്ടുവരുമ്പോൾ അവരിലെ രോഗികളേയും ക്ഷീണിതരേയും രാജാവ് മാറ്റി നിറുത്തുന്നു. ആരോഗ്യവാനേയും ചുറുചുറുക്കുള്ളവനേയും തിരഞ്ഞെടുക്കുന്നു. ക്ഷീണിതർക്കും രോഗികൾക്കും ഒന്നും നൽകുകയില്ല. എന്നാൽ, മാലിക് അങ്ങനെയല്ല, അവന്റെ അടിമ സുഖമില്ലാതായാൽ അവനെ ചികിത്സിക്കുന്നു. അടിമ ക്ഷീണിതനാണെങ്കിൽ മാലിക് സ്വയം അവനെ സഹായിക്കുന്നു. അടിമ ഏതെങ്കിലും വിപത്തിൽ അകപ്പെട്ടാൽ മാലിക് അതിൽനിന്ന് അവനെ രക്ഷിക്കുന്നു. അതുകൊണ്ട് മലിക് എന്നതിനു പകരം മാലിക് എന്ന പാരായണം പാപികൾക്കും നിരാലംബർക്കും കൂടുതൽ ചേർന്നതാണ്.

മലിക്കും മാലിക്കും തമ്മിലുള്ള നാലാമത്തെ വ്യത്യാസം, മലിക്കിൽ അതായത് രാജാവിൽ രാജ്യകാര്യങ്ങളുടെ ഏർപ്പാടും മേൽനോട്ടവും വഹിക്കുന്ന കാരണത്താൽ ഭയവും ഉദ്വേഗവും ഉണ്ടാകുന്നു. എന്നാൽ, മാലിക്കിൽ കാരുണ്യവും അലിവുമാണ് ഉണ്ടാകുന്നത്. മനുഷ്യരായ നമുക്ക് ഭയത്തിനും ഭീതിക്കും പകരം കാരുണ്യവും അലിവുമാണ് കൂടുതൽ ആവശ്യമുള്ളത്.

അബൂഅബ്ദുല്ലാഹ് മുഅ്മിൻ ബിൻ അഹ്മദ് അൽഖുർത്വബി ഇതുസംബന്ധമായി എഴുതുന്നു: "മാലിക്കിയൗമിദ്ദീൻ എന്നതിൽ നിലവിൽ വരാത്ത വസ്തുവിനെക്കുറിച്ച് അല്ലാഹുതന്നെ മാലിക്ക് എന്നു പറഞ്ഞതെന്തിനാണ് എന്ന് ചോദിച്ചാൽ അതിനുള്ള മറുപടി ഇതാണ്. മാലിക്ക് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം കഴിവുറ്റവൻ എന്നാണ്. അതായത്, രക്ഷാശിക്ഷയുടെ നാളിൽ പൂർണ്ണമായ കഴിവ് അവന് മാത്ര

മായിരിക്കും. കാരണം ആരാണോ ഏതെങ്കിലും വസ്തുവിന്റെ മാലിക്ക്, അവന് ആ വസ്തുവിന്റെ മേൽ നിയന്ത്രണം ചെലുത്തുന്നതിനും അവകാശമുണ്ടായിരിക്കും. തന്റെ അധികാരവസ്തുവിൽ പൂർണ്ണ നിയന്ത്രണവും ഉണ്ടാകും. അല്ലാഹു എല്ലാ വസ്തുവിന്റേയും മാലിക്കാണ്. താനുദ്ദേശിക്കുന്നപോലെ കാര്യങ്ങൾ നടപ്പിൽ വരുത്തുന്നവനാണ്. ഒരു ജോലിയും അവന് ചെയ്യാൻ പറ്റാത്തതായിട്ടില്ല. അല്ലാഹു യൗമിദ്ദീൻ ഉൾപ്പെടെ എല്ലാ വസ്തുക്കളുടേയും മാലിക്ക്, അധികാരിയാകുമ്പോൾ ഇവിടെ യൗമിദ്ദീൻ എന്നു മാത്രം പ്രത്യേകം എടുത്തുപറഞ്ഞതെന്തിനാണ്? ഇതിന്റെ മറുപടി ഇതാണ്: ഈ ലോകത്ത് ജനങ്ങൾ ഫിർഔൻ, നംറൂദ് തുടങ്ങിയ രാജാക്കന്മാരെ എതിർക്കുന്നു. ശക്തവാന്മാരും പ്രബലരുമായ രാജാക്കന്മാർക്കെതിരിൽപോലും സംസാരിക്കുന്നു. ഇന്നും നിങ്ങൾക്കത് കാണാവുന്നതാണ്. ശക്തരായ ആളുകൾക്കെതിരെ ദരിദ്രജനംപോലും അണിനിരക്കാറുണ്ട്. എന്നല്ല, അയാളുടെ രാജാധിപത്യത്തെക്കുറിച്ച് കലഹിക്കുന്നു. പക്ഷേ, രക്ഷാശിക്ഷയുടെ നാൾ അല്ലാഹുവിനോട് അവന്റെ രാജാധിപത്യത്തെക്കുറിച്ച് ആർക്കും കലഹിക്കാൻ കഴിയില്ല. അവൻ പറയുന്നു: ***ലിമനിൽമുൽക്കുൽയൗമ*** അന്ന് ആധിപത്യം ആർക്കാണ്? അപ്പോൾ സർവ്വസൃഷ്ടികളും മറുപടി പറയും ***ലില്ലാഹിൽ വാഹിദിൽ ഖഹ്ഹാർ***. അത് ഏകനും സർവ്വവും അടക്കിവാഴുന്നവനുമായ അല്ലാഹുവിനാണ്. (40:17) ഇതിന്റെ അടിസ്ഥാനത്തിലാണ് മാലിക്കിയൗമിദ്ദീൻ എന്ന് പറഞ്ഞിട്ടുള്ളത്. അതായത്, ആ നാൾ അവനല്ലാതെ ഒരു അധികാരിയും ഉണ്ടായിരിക്കുന്നതല്ല. വിധികർത്താക്കളും ഉണ്ടാകുകയില്ല. രക്ഷയും ശിക്ഷയും നൽകാൻ അർഹരായിട്ടുള്ളവരും ഉണ്ടാവുകയില്ല. അല്ലാഹു പരിശുദ്ധനാണ്. അവനല്ലാതെ ഒരാരാധ്യനുമില്ല.

പിന്നീട് പറയുന്നു: അല്ലാഹുവിന്റെ ഗുണനാമം, അൽമലിക്ക് എന്നും അൽ മാലിക്ക് എന്നുമുണ്ട്. അൽമലിക്ക് അല്ലാഹുവിന്റെ വ്യക്തിത്വത്തിന്റെ വിശേഷഗുണമാണ്. അൽ മാലിക്ക് അവന്റെ കർമ്മത്തിന്റെ വിശേഷഗുണമാണ്.

ഹദ്റത്ത് മുസ്‌ലീഹ് മൗഊദ്(റ)ഉം ഇത് വിശദീകരിച്ച് പറഞ്ഞിട്ടുണ്ട്. ഞാൻ പറഞ്ഞതുപോലെ വിവിധ വ്യാകരണഗ്രന്ഥങ്ങളിൽനിന്ന് കാര്യങ്ങൾ മനസ്സിലാക്കിയതിനുശേഷം സ്വയം എടുത്തതീരുമാനമാണ് അവിടന്ന് വിശദീകരിച്ചിട്ടുള്ളത്. മാലിക്കിയൗമിദ്ദീൻ എന്നതിന്റെ ഉദ്ദേശ്യം പരലോകത്തിന്റെ അധികാരിയാണ്, ഇഹലോകത്തിന്റെ അധികാരിയല്ല എന്നല്ല. മറിച്ച്, ഇതുകൊണ്ടുള്ള ഉദ്ദേശ്യം ഈ ലോകത്ത് അല്ലാഹു തന്റെ മറ്റു സവിശേഷഗുണമനുസരിച്ച് വെച്ചിട്ടുള്ള പ്രകൃതിനിയമത്തിൽ മനുഷ്യനെ ചില കാര്യങ്ങളിൽ ഇളവ് നൽകിയിട്ടുണ്ട്. ഇക്കാരണത്താൽ ഈ ലോകത്ത് പൊടുന്നനെ രക്ഷയും ശിക്ഷയുമില്ല. പക്ഷേ, രക്ഷാശിക്ഷയുടെ ആ നാൾ ഒരു രക്ഷാമാർഗ്ഗവും ഉണ്ടായിരിക്കുകയില്ല. എന്നല്ല, എല്ലാ വിധിയും അവൻ തന്നെയായിരിക്കും പുറപ്പെടുവിക്കുക. ആരും ആർക്കും പ്രയോജനപ്പെടുകയില്ല. ഒരു മാപ്പും പശ്ചാത്താപവും ആ നേരത്ത് പ്രയോജനപ്പെടുകയില്ല. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു. ***വമാ അദ്റാക്ക മാ യൗമുദ്ദീൻ, സുമ്മ മാ അദ്റാക്ക മാ യൗമുദ്ദീൻ യൗമ ലാ തംലിക്കു നഫ്സുൻല്ലി നഫ്സിൻ ശയ്ആ വൽഅംറു യൗമ ഇദിൻ ലില്ലാഹ്***. വിധിനാൾ എന്തെന്ന് നിനക്കെന്തെറിയാം? വീണ്ടും നാം ചോദിക്കുകയാണ്. അതെ, വിധിനാൾ എന്തെന്ന് നിനക്കെന്തറിയാം? മറ്റൊരാൾക്കു വേണ്ടി ഒന്നുംതന്നെ നേടിക്കൊടുക്കാൻ ഒരാൾക്കും സാധിക്കാത്ത നാളാണത്. അന്ന് ആജ്ഞാധികാരം അല്ലാഹുവിനുള്ളതായിരിക്കും. (82:18-20)

ഇത് ഭയപ്പെടേണ്ട സ്ഥാനമാണ്. പക്ഷേ, അതിനോടൊപ്പം അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്ന മുസ്‌ലിംകൾക്ക്, മുഅ്മിനീംകൾക്ക് ഇതിൽ സുവാർത്തയുമുണ്ട്. നിഷ്കളങ്കരായിക്കൊണ്ട് അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ മാലിക്കിയ്യത്തെയൗമിദ്ദീനിൽനിന്നുള്ള, അല്ലാഹു നൽകിയ വാഗ്ദാനമനുസരിച്ചുള്ള സ്വർഗ്ഗത്തിന് അവകാശിയാകും. അതിനെക്കുറിച്ച് അല്ലാഹു ഇങ്ങനെ പറയുന്നു: ***അൽമുൽക്കു യൗമ ഇദിൻലില്ലാഹ് യഹ്ക്കുമുബയ്നഹും ഫല്ലദീന ആമനൂ വഅമിലുസ്സാലിഹാത്തി ഫീ ജന്നാത്തിന്നഈം***. അന്നാളിൽ ആധിപത്യം അല്ലാഹുവിനു മാത്രമുള്ളതായിരിക്കും. അവൻ അവർക്കിടയിൽ തീരുമാനം കല്പിക്കുന്നതാണ്. അപ്പോൾ വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവർ സുഖാനുഭൂതിയുടെ ആരാമങ്ങളിലായിരിക്കും. (22:57)

രക്ഷാശിക്ഷയുടെ നാൾ എങ്ങനെയുള്ളതായിരിക്കും? ***അൽമുൽക്കു യൗമഇദിൻലില്ലാഹ്***. ആധിപത്യം ആ നാൾ അല്ലാഹുവിന്റേതായിരിക്കും. അവൻ മാലിക്ക് മാത്രമായിരിക്കുകയില്ല. മലിക്ക് അഥവാ

രാജാവും ആയിരിക്കും. ഈ മാലിക്കിന് രാജാധിപത്യവും ഉണ്ടായിരിക്കും. എല്ലാ വസ്തുവും പൂർണ്ണമായ നിലയിൽ അവന്റെ നിയന്ത്രണത്തിലാണ്. ഭൗതികരാജാക്കന്മാർ ഏതെങ്കിലും രീതിയിൽ മറ്റുള്ളവരെ ആശ്രയിക്കുന്നവരാണ്. അവരുടെ മുമ്പിൽ ജനങ്ങൾ തലയുയർത്തി നില്ക്കുകയും ചെയ്യും. പക്ഷേ, അല്ലാഹു ആരേയും ആശ്രയിക്കാത്ത രാജാവാണ്. ഈ ലോകത്തും പരലോകത്തും അവന് അത് ആവശ്യമില്ല. അതുകൊണ്ട് അവൻ സാധാരണ നാം കാണുന്ന രാജാക്കന്മാരെപോലുള്ള രാജാധിപത്യമുള്ളവനല്ല. മറിച്ച്, സർവ്വാധികാരിയായ കാരണത്താൽ പരിപൂർണ്ണമായും നിയന്ത്രണമുള്ള രാജാധിപത്യമാണുള്ളത്. അത് ഭൂമിയിലും ആകാശത്തിലും നിലകൊള്ളും. ഈ ജീവിതത്തിൽ അവന് തന്റെ രാജാധിപത്യമനുസരിച്ച് ഞാൻ പറഞ്ഞതുപോലെ ഇളവ് നൽകി. നല്ലതും ചീത്തയുമായ കർമ്മങ്ങൾ നമുക്ക് പറഞ്ഞുതന്നു. ഇത് സൽക്കർമ്മമാണ്. ഇത് ചെയ്താൽ എന്നിൽനിന്ന് ഉത്തമമായ പ്രതിഫലം പ്രാപിക്കുന്നതാണ്. ഈ കർമ്മം ചീത്തയാണ്. ഇത് ചെയ്താൽ ശിക്ഷിക്കാനും എനിക്ക് അർഹതയുണ്ട്. ശിക്ഷ നൽകാൻ എനിക്ക് കഴിയും. എന്നല്ല ഞാൻ ശിക്ഷിക്കും. രക്ഷാശിക്ഷയുടെ വിധി, പൂർണ്ണമായും എന്റെ കൈയിലാണ്. അന്ന് ഒരു പീർ സാഹിബും ഇക്കാര്യത്തിൽ നിങ്ങൾക്ക് പ്രയോജനപ്പെടുകയില്ല. ഒരു ശിപാർശയും വിലപ്പോവില്ല. ഒരു മാപ്പും പ്രയോജനം ചെയ്യുകയില്ല. അല്ലാഹു സ്വയം വിധിക്കാൻ പോകുന്നവനാണ്.

അതുകൊണ്ട് വിശ്വാസികൾക്കും സൽകർമ്മികൾക്കും അല്ലാഹു അനുഗ്രഹീതമായ സ്വർഗ്ഗത്തെക്കുറിച്ച് സുവാർത്ത അറിയിക്കുന്നു. അല്ലാഹു അവിശ്വാസികളെ ഇതു പറഞ്ഞ് പേടിപ്പിക്കുകയും ചെയ്യുന്നു. തിന്മ പ്രവർത്തിക്കുന്നവരെക്കുറിച്ച് അവരുടെ കർമ്മങ്ങൾക്ക് താൻ ശിക്ഷ നല്കുമെന്നും പറയുന്നു. ഒരിടത്ത് അവൻ പറഞ്ഞു: ***ഇന്ന കിതാബൽ ഫുജ്ജാരി ലഫീ സിജ്ജീൻ***. ദുർവൃത്തരുടെ ശിക്ഷയുടെ കല്പന തീർച്ചയായും അനശ്വരമായ ഒരു ഗ്രന്ഥത്തിലുണ്ട്. (83:8) ഈ കാഫിറും ഫാജിറും മനസ്സിലാക്കുന്നത് രക്ഷാശിക്ഷയുടെ നാൾ വരികയില്ലെന്നാണ്. അവർ അല്ലാഹുവിന്റെ ഇളവിനെ മുതലെടുത്തുകൊണ്ട് അവന്റെ ആധിപത്യമുണ്ടാകുകയില്ലെന്ന് മനസ്സിലാക്കുന്നു. ഈ ലോകത്ത് രക്ഷാശിക്ഷയുടെ നാളിനെ അവർ കളവാക്കിക്കൊണ്ടിരുന്നു. അല്ലാഹുവിന്റെ പരിധികളെ ലംഘിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് അല്ലാഹു പറയുന്നു. ഇവർ അതിരുകടന്ന കാരണത്താൽ രക്ഷാശിക്ഷയുടെ നാൾ നിഷേധിച്ചകാരണത്താൽ ***വയ്‌ലുൻയൗമഇദില്ലിൽ മുഖദ്ദിബീൻ*** എന്നു പറഞ്ഞതുപോലെ കളവാക്കുന്നവർക്ക് ആ നാൾ നാശമുണ്ടാകും. അതുകൊണ്ട് അല്ലാഹു മലിക്ക്– രാജാവാണ്. മാലിക്ക്– അധികാരിയുമാണ്. പൂർണ്ണമായും നിയന്ത്രിക്കാൻ അവന് സ്വാതന്ത്ര്യമുണ്ട്. സൽകർമ്മികൾക്ക് അവൻ പ്രതിഫലം നൽകുന്നു. ദുഷ്കർമ്മികൾക്ക് ശിക്ഷ കൊടുക്കുന്നു. മാലിക്ക് എന്ന നിലയിൽ മാപ്പ് കൊടുക്കാനും അവന് അവകാശമുണ്ട്. അവൻ പറയുന്നു ***അലം തഅ്‌ലം അന്നല്ലാഹ ലഹൂ മുൽക്കുസ്സമാവാത്തി വൽഅർളി– യുഅദ്ദിബു മൻയ്യശാഉ വ യഗ്ഫിറു ലിമൻയ്യശാഉ വല്ലാഹു അലാകുല്ലി ശയ്ഇൻ ഖദീർ***. തീർച്ചയായും ആകാശങ്ങളുടേയും ഭൂമിയുടേയും ആധിപത്യം അല്ലാഹുവിനുള്ളതാണ് എന്ന് നീ അറിഞ്ഞിട്ടില്ലേ? താനുദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുന്നു. താനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുകയും ചെയ്യുന്നു. അല്ലാഹു എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായും കഴിവുള്ളവനാകുന്നു. (5:41)

ഒരു നിയമവും കൂടാതെ അനാവശ്യമായി അല്ലാഹു പിടിച്ച് ശിക്ഷിക്കുന്നു എന്നല്ല ഇതിന്റെ ഉദ്ദേശ്യം. മറിച്ച്, രക്ഷാശിക്ഷയുടെ നാൾ ഒരു അപ്പീലും സ്വീകരിക്കപ്പെടുകയില്ല. ഒരു തന്ത്രവും അവിടെ പ്രയോജനപ്പെടുകയില്ല. അതുകൊണ്ട് അല്ലാഹു കർമ്മങ്ങൾ ചെയ്യാൻ പറയുന്നു. സൽകർമ്മങ്ങൾ ചെയ്താൽ എന്റെ തൃപ്തി കരസ്ഥമാക്കുന്നവരായി തീരും. ഒരു നിലവിളിയും ഒരപ്പീലും പ്രയോജനപ്പെടുകയില്ലെന്ന് നിങ്ങൾക്കറിയാം. അതുകൊണ്ട് നിങ്ങളുടെ ഈമാനിനെ ശക്തിപ്പെടുത്തുക. കർമ്മങ്ങൾ നന്നാക്കിത്തീർക്കുക. ശിക്ഷ കൊടുക്കുന്നതിൽ അല്ലാഹു അങ്ങേയറ്റം ലളിതമായി പെരുമാറുന്നവനാണ്. ഒരു ഹദീസിൽ വന്നിരിക്കുന്നു. അവന്റെ ദയ അവന്റെ കോപത്തെ അതിജയിച്ചുനില്ക്കുന്നു. അതുകൊണ്ട് ഇങ്ങനെയൊക്കെയായിട്ടും ആ കാരുണ്യവാനായ ദൈവത്തിന്റെ കോപത്തിന് മനുഷ്യൻ പാത്രമാവുക എന്നു പറഞ്ഞാൽ എത്രമാത്രം ദൗർഭാഗ്യമാണത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“മാലിക്കിയ്യത്തെയൗമിദ്ദീൻ, അതിന്റെ അനുഗ്രഹത്തിന് ദരിദ്രന്മാരെപോലെയുള്ള കെഞ്ചലും കരച്ചിലും ആവശ്യമാണ്. (ഇതിൽനിന്ന് ഫലമെടുക്കണമെങ്കിൽ അങ്ങേയറ്റം വണക്കത്തോടും പ്രാർത്ഥനയോടുംകൂടി അവന്റെ മുന്നിൽ കുനിയൽ നിർബന്ധമാണ്) ഭിക്ഷക്കാരനെപ്പോലെ ഏകനായ ദൈവത്തിന്റെ തിരുസന്നിധിയിൽ വീഴുകയും അനുഗ്രഹം തേടുന്നതിന് സത്യസന്ധതയോടെ തന്റെ കോന്തല

വിരിക്കുകയും ചെയ്യുന്നവനുമായിട്ടാണ് അതിന്റെ ബന്ധം. (അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കാൻ അങ്ങേയറ്റം ദരിദ്രനെപോലെ തന്റെ മടിശ്ശീല കാണിച്ചുകൊണ്ട് അവന്റെ മുമ്പിൽ ഹാജരാകണം) യഥാർത്ഥത്തിൽ തനിക്കൊരു കഴിവുമില്ലെന്ന് കണ്ടുകൊണ്ട് അല്ലാഹുവിന്റെ മാലിക്കിയ്യത്ത്- ആധിപത്യത്തിൽ വിശ്വസിക്കണം. (അവർക്ക് യഥാർത്ഥത്തിൽ അതിനെക്കുറിച്ച് അറിവുണ്ടാകുന്നു. അവർ തികച്ചും ബോധവാന്മാരാണ്. കാലിയായ കൈകളുമായിട്ടാണ് വന്നിട്ടുള്ളതെന്ന വിചാരത്തോടെ അല്ലാഹുവിന്റെ സന്നിധിയിൽ അവർ ഹാജരാകുന്നു. അവരുടെ കൈകളിൽ ഒന്നുമില്ലെന്ന് അവർക്കറിയാം. അല്ലാഹുവിന്റെ ആധിപത്യത്തിൽ അവർ തികഞ്ഞ വിശ്വാസികളാണ്.)

വീണ്ടും പറഞ്ഞു: അല്ലാഹുവിന്റെ ഈ നാല് മഹനീയഗുണങ്ങളാണ് ലോകത്ത് പ്രവർത്തിച്ചുവരുന്നത്. അവയിലുള്ള റഹീമിയ്യത്ത് എന്ന മഹനീയ ഗുണം പ്രാർത്ഥനയ്ക്ക് പിന്തുണ നൽകുന്നു. മാലിക്കിയ്യത്ത് എന്ന് മഹനീയഗുണം ഭയത്തിന്റേയും വെപ്രാളത്തിന്റേയും അഗ്നിയെ തണുപ്പിച്ച് സത്യമായ ഭക്തിവിനയാദി നമ്ര ഭാവങ്ങൾ ഉണ്ടാക്കുന്നു. കാരണം ഈ മഹനീയ ഗുണത്തിൽനിന്ന് അല്ലാഹു പ്രതിഫലം നല്കുന്ന അധികാരിയാണെന്നും ആർക്കും അവനോട് വാദിച്ചുവാങ്ങാൻ കഴിയില്ലെന്നും സ്ഥാപിതമാകുന്നു. മഗ്ഫിറത്തും നജാത്തും അവന്റെ അനുഗ്രഹങ്ങളിൽനിന്നുമാത്രമാണ് ലഭിക്കുന്നത്.

അതുകൊണ്ട് മാലിക്കിയ്യത്തെയൗമിദ്ദീൻ എന്ന മഹനീയഗുണത്തിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കാൻ സൽകർമ്മം ചെയ്യേണ്ടതും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കേണ്ടതും അവനെ ആരാധിക്കാൻ ശ്രമിക്കേണ്ടതും അങ്ങേയറ്റം അനിവാര്യമായ സംഗതികളാണ്. എങ്കിലേ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാകുകയുള്ളൂ. അങ്ങനെ, പാപപ്പൊറുതിയും മോക്ഷവും കരസ്ഥമാക്കുന്നവരായി തീരും.

ഈ ക്രമത്തിന് മറ്റൊരു വശംകൂടിയുണ്ട്. ഇത് വെച്ചിരിക്കുന്നത് വളരെ യുക്തിയോടുകൂടിയാണ്. അത് സംക്ഷിപ്തമായി ഞാൻ പറയാം. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എഴുതിയിരിക്കുന്നു: 'അല്ലാഹു ആദ്യം റുബൂബിയ്യത്ത് അഥവാ പരപാലനമനുസരിച്ച് വളർച്ചയ്ക്കായി ചുറ്റുപാടുകളൊരുക്കുന്നു. പിന്നീട് അത് റഹ്മാനിയ്യത്തനുസരിച്ച് മനുഷ്യർക്ക് കൊടുക്കുന്നു. പിന്നീട് മനുഷ്യർ അതിൽ നിന്ന് ഫലമെടുക്കുമ്പോൾ അതിന്റെ ഉന്നതമായ ഫലം പ്രകടമാക്കുന്നു. പിന്നീട് തുടർച്ചയായുള്ള ഈ പാരിതോഷികങ്ങൾക്കു ശേഷം മാലിക്കിയ്യത്ത് എന്ന മഹനീയ ഗുണമനുസരിച്ച് ലോകത്തിന്റെമേൽ വിജയം നൽകുന്നു. (ദൈവികജമാഅത്തുകളുടെ വിധി അല്ലാഹു ഇങ്ങനെയാണ് എഴുതിയിട്ടുള്ളത്.)

അല്ലാഹു വെച്ചിട്ടുള്ള ക്രമം ആദ്യം റബ്ബ് പിന്നീട് റഹ്മാൻ അതുകഴിഞ്ഞ് റഹീം അതിനു ശേഷം മാലിക്കിയ്യത്തെയൗമിദ്ദീൻ എന്നാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഇത് താരതമ്യം ചെയ്തിരിക്കുന്നു. മനുഷ്യരുമായിട്ട് ഈ ക്രമം എങ്ങനെയാണ് ബന്ധപ്പെടുന്നത്. അതിലും ഇങ്ങനെതന്നെയാണോ വേണ്ടത്? അതല്ല വിവിധ ക്രമം ആവശ്യമാണോ? പറഞ്ഞു: "അല്ലാഹുവിന്റെ ഈ മഹനീയ ഗുണത്തിൽനിന്ന് മനുഷ്യന് ഫലമെടുക്കാൻ പ്രസ്തുത ക്രമം മാറുന്നു. കാരണം മനുഷ്യൻ അല്ലാഹുവിലേക്ക് അഭിവൃദ്ധിപ്പെടേണ്ടവനാണ്. ഉയരേണ്ടവനാണ്. അതുകൊണ്ട് ആദ്യം മാലിക്ക് എന്ന മഹനീയഗുണത്തിന്റെ പ്രതീകമാകാനാണ് അവൻ ശ്രമിക്കുന്നത്. ആദ്യം തന്റെ ചുറ്റുപാടിൽ അല്ലാഹു അവന് നൽകിയ കഴിവുകളിലൂടെ നീതിയും ന്യായവും നടപ്പിലാക്കുക. അതുകൊണ്ട് ആദ്യം മാലിക്കിയ്യത്താണ് വരിക. ഉപദ്രവങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് തന്റെ ചുറ്റുപാടുമുള്ള ഉപദ്രവങ്ങളിൽനിന്ന് ജനങ്ങളെ രക്ഷപ്പെടുത്തുന്നതിനായി പരിശ്രമിക്കണം. അതിന് ചില കാര്യങ്ങൾ കണ്ടില്ലാന്ന് നടിക്കുകയും വേണ്ടിവരും. അത് ദയയെന്ന ഉദ്ദേശ്യത്തോടെയോ വിട്ടുവീഴ്ച എന്ന വിചാരത്തോടെയോ ആകാം. പിന്നീട് മനുഷ്യനിൽനിന്നുണ്ടാകുന്നത് റഹീമിയ്യത്തിന്റെ പ്രകടനമാണ്. തന്റെ ജോലി ചെയ്യുന്നവർക്കായി തന്റെ ചുറ്റുപാടുമുള്ളവർക്കായി ആദരവിന്റെ വികാരങ്ങൾ വെളിപ്പെടുക. അതായത്, അവർക്ക് നന്മ എത്തിക്കാൻ ശ്രമിക്കുന്നു. വീണ്ടും മനുഷ്യൻ അഭിവൃദ്ധിപ്പെടുന്നു. അപ്പോൾ റഹ്മാനിയ്യത്തിന്റെ ഗുണം സ്വായത്തമാക്കുന്നു. അല്ലാഹുവിനെ ഭയക്കുന്ന ഒരു മുഅ്മിൻ റഹ്മാനിയ്യത്ത് പ്രകടിപ്പിക്കുന്നു. എല്ലാ നല്ലകാര്യങ്ങളിലും ഭാഗഭാക്കാകുന്നു. സമൂഹത്തിൽ നന്മകൾ പരത്തുന്നു. ഇത് ***ഈതായിദുൽ ഖുർബാ*** എന്നതിന്റെ ചിത്രമാണ് സമർപ്പിക്കുന്നത്. അതായത്, ബന്ധുക്കളോടെന്നപോലെ, അന്യരോടും പ്രവർത്തിക്കുക. അതിൽനിന്ന് അഭിവൃദ്ധിപ്പെടുമ്പോൾ റബ്ബുൽ ആലമീന്റെ പ്രതീകമായിത്തീരാൻ സമൂഹത്തെ നന്നാക്കിത്തീർക്കാൻ ശ്രമിക്കുന്നു. ഇപ്പറഞ്ഞ കാര്യങ്ങളൊക്കെ വളർന്നുവരാനുള്ള സാഹചര്യമൊരുക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

ഇത് വിവരിച്ചതിനുശേഷം ഹദ്റത്ത് മുസ്ലിഹ് മൗഊ ദ്(റ) പറഞ്ഞു: "ഈ വിവരിച്ചുതപോലെ അല്ലാഹു വിന്റെ മഹനീയഗുണങ്ങളെ സ്വീകരിക്കുമ്പോൾ ദൈവമാർഗ്ഗത്തിൽ പ്രയാണം ചെയ്യുന്ന സാലിക്കു കൾക്ക് (അല്ലാഹുവിലേക്ക് അഭിവൃദ്ധിപ്പെടുന്നവരി ലേക്ക്) അത് കരുണയായിത്തീരുന്നു.

മനുഷ്യന്റെ ഗുണങ്ങളും സവിശേഷതകളും തുറന്നനിലയിൽ രംഗത്തുവരുന്നത് അവന്റെ പക്കൽ എന്തെങ്കിലും ശക്തിയോ അധികാരമോ ഉണ്ടാകു മ്പോഴാണെന്ന് പൊതുവെ കാണാം. ഉന്നതമായ സ്വഭാവം മനസ്സിലാകുന്നത് കഴിവുണ്ടാകുമ്പോഴാണ്. ഒരു സ്ഥാനമുണ്ടാകുമ്പോഴാണ്. ക്ഷീണിതരോടും നിരാലംബരോടും എങ്ങനെ റഹീമിയ്യത്തോടും റഹ്മാനിയ്യത്തോടുംകൂടി പെരുമാറണം. ഇപ്രകാരം തന്നെ ഒരുവനിൽനിന്ന് റുബൂബിയ്യത്ത് എങ്ങനെ പ്രകടമാകണം? എഴിടെയൊക്കെ കഴിവും അധികാ രവുമുണ്ടോ അവിടെയൊക്കെ ഈ ഗുണങ്ങൾ പ്രക ടിപ്പിക്കേണ്ടതാണ്. കാരണം ഇത് ഏതെങ്കിലും വസ്തു വിന്റെ ഉടമസ്ഥാവകാശത്തിന്റെ ധാരണയല്ല. അത് അഹങ്കാരവും വെറുപ്പും മനുഷ്യന്റെ മനസ്സിൽ ഉണ്ടാ ക്കിത്തീർക്കും.

അതുകൊണ്ട് അല്ലാഹുവിന്റെ തൃപ്തിയും അവന്റെ അനുഗ്രഹവും കരസ്ഥമാക്കുന്നതിനായി ഈ മഹനീയഗുണങ്ങളിൽ ചിന്തിക്കുകയും സ്വയം അതിലിട്ട് വാർത്തെടുക്കുകയും ചെയ്യേണ്ടത് അങ്ങേ യറ്റം അത്യാവശ്യമാണ്. അല്ലാഹു നമുക്ക് അവന്റെ അനുഗ്രഹങ്ങളിൽനിന്ന് ഓഹരി നൽകിക്കൊണ്ടിരി ക്കുമനാറാകട്ടെ. രക്ഷാ ശിക്ഷയുടെ നാളിലും അ വന്റെ ദയ കരസ്ഥമാക്കുന്നവരായിത്തീരട്ടെ.

കഴിഞ്ഞ ജുമുആയിൽ ഞാൻ ശഹീദിനെക്കു റിച്ച് പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ പേര് മുഹമ്മദ് അശ്റഫ് എന്നാണ്. മണ്ടിബഹാഉദ്ദീൻ ജില്ലയിലെ ഭാലിയ താലൂക്ക് വാസിയാണ്.

മറ്റൊരു ദുഃഖവാർത്തകൂടി അറിയിക്കുകയാണ്. നമ്മുടെ ജമാഅത്തിന്റെ ഒരു സേവകൻ, മുറബ്ബി, ജാമി അ അഹ്മദിയ്യായിലെ ഉസ്താദ് ചൗദ്ദരി മുനീർ അഹ്മദ് ആരിഫ് സാഹിബ് കഴിഞ്ഞദിവസം വഫാ ത്തായി. ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജി ഊൻ. 78 വയസ്സായിരുന്നു. 1946-ൽ അദ്ദേഹം ജീവിതം വഖ്ഫ് ചെയ്തു. 1956-ൽ ജാമിഅ അഹ്മ ദിയ്യായിൽനിന്ന് ഡിഗ്രിയെടുത്തു. 50 വർഷം അദ്ദേഹം സേവനമനുഷ്ഠിച്ചു. ബർമ്മയിലും നൈജീരിയ യിലും മുബല്ലിഗായിരുന്നു. പിന്നീട് ജാമിഅയിൽ ഉസ്താദ് എന്ന നിലയിൽ സേവനം ചെയ്തു. 27 വർഷം ജാമിഅയിൽ പഠിപ്പിച്ചു. ഹോസ്റ്റൽ സൂപ്ര ണ്ടായും സേവനം അനുഷ്ഠിച്ചിരുന്നു. മൃദുലസ്വഭാ വമായിരുന്നു. 21 വർഷമായി ദാറുഖസായിലും സേവനം ചെയ്തുവരികയായിരുന്നു. മരിക്കുന്നതിന് ഒരു ദവസം മുമ്പേയും നടക്കാൻപോലും കഴിയാ താരുന്നിട്ടും വണ്ടി പിടിച്ച് ഓഫീസിൽ വന്നിരുന്നു. രണ്ട് ഊന്നുവടിയുടെ സഹായത്താലാണ് ഓഫീ സിൽ കയറിയത്. ഹൃദയത്തിനും ബുദ്ധിമുട്ടുണ്ടായി രുന്നു. ക്ഷീണിതനുമായിരുന്നു. ഖസായുടെ കേസു കൾ കേൾക്കുകയും തീരുമാനമെടുക്കുകയും ചെയ്തു. ഒരു കേസ് മറ്റൊരു ദിവസത്തേക്ക് മാറ്റിവെച്ചു. നാസിം ഖസാ സാഹിബ്, ഇത്രമാത്രം ബുദ്ധിമുട്ടി എന്തിനാണ് വന്നതെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "എന്റെ മനസ്സ് അനുവദിക്കുന്നി ല്ല. എന്നിൽ അർപ്പിക്കപ്പെട്ട ജമാഅത്തിന്റെ ജോലി നിഷേധിക്കാൻ കഴിയില്ല. അതുകൊണ്ട് എന്നെ ഏല്പിച്ചിട്ടുള്ള കേസ്സുകൾ ഞാൻതന്നെ കൈകാര്യം ചെയ്യേണ്ടതാണ്." ആ രാത്രി അദ്ദേഹം വഫാത്താ യി. അല്ലാഹു അദ്ദേഹത്തിന് പൊറുത്തുകൊടുക്കു മാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. റസിയ മുനീർ സാഹിബയാണ് ഭാര്യ. മൂന്ന് ആൺമക്കളും ഒരു മകളുമുണ്ട്. നമസ്കാരങ്ങൾക്കുശേഷം അദ്ദേ ഹത്തിന്റെ ജനാസ ഗായിബ് നമസ്കരിക്കുന്നതാണ്.


Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 9.3.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala